

# സൈനിക ആസൂത്രണം ആഗോളവത്ക്കരണം

നോംചോസ്കി

പരിഭാഷ : കെ.എം. വേണുഗോപാൽ

(കഴിഞ്ഞലക്കം തുടർച്ച)

സാമ്പത്തിക ഉദാരീകരണം ജനാധിപത്യസംവിധാനങ്ങളെ വെല്ലുവിളിക്കുകയും ആക്രമിക്കുകയും ചെയ്യുന്നു എന്നത് വളരെ വ്യക്തമായ ഒരു സംഗതിയാണ്. അത് ഇപ്പോൾ ഒരു തർക്കവിഷയമല്ല. ബ്രട്ടൻവുഡ് കരാറുകൾ ഉണ്ടാക്കിയവർക്ക് കറൻസികൾ എന്തുകൊണ്ട് നിയന്ത്രിക്കണമെന്നതിനെക്കുറിച്ചും മൂലധനത്തിന്മേൽ എന്തിന് നിയന്ത്രണമേർപ്പെടുത്തണമെന്നതിനെക്കുറിച്ചും 1940 കളിൽ ത്തന്നെ ചില ബോധ്യങ്ങൾ ഉണ്ടായിരുന്നു. രാജ്യങ്ങൾക്ക് സോഷ്യൽ ഡെമോക്രാറ്റിക്ക് നയങ്ങൾ ക്ഷേമരാഷ്ട്രസങ്കല്പങ്ങൾ എന്നിവ പിന്തുടരാനാവശ്യമായ ചില ഇടങ്ങൾ കമ്പോളശക്തികളുടെ സ്വാധീനത്തിന് പുറത്ത് നിർത്തേണ്ടതാണ് എന്ന് അവർ കരുതി. ഈ ഇടങ്ങൾ (spaces) സംരക്ഷിക്കപ്പെടണമെങ്കിൽ മൂലധനത്തിന്മേൽ നിയന്ത്രണം അനിവാര്യമാണെന്നതിനാൽ, അവരുടെ നിലപാട് ശരിയായിരുന്നുവെന്ന് നമുക്ക് കാണാൻ കഴിയും.

മൂലധനത്തിന്റെ രസതന്ത്രചലനം, രാജ്യങ്ങളുടെ പരമാധികാരശക്തിക്ക് മേൽ വീറ്റോ അധികാരങ്ങളോടുകൂടിയ നിക്ഷേപകരുടേയും ഉത്തമർണ്ണരുടേയും ഒരു 'അയഥാർത്ഥ പാർലമെന്റ്' തന്നെ സൃഷ്ടിക്കുന്നു. ഇത് ജനാധിപത്യപരമായ പോംവഴികൾക്കുള്ള എല്ലാ സാധ്യതകളെയും ഗുരുതരമായി അപകടപ്പെടുത്തുന്നു. ഞാൻ സാമ്പത്തിക സാഹിത്യത്തിലെ സാങ്കേതികസ്വഭാവമുള്ള പേപ്പറുകളെയാണ് ഇവിടെ ഉദ്ധരിക്കുന്നത്. മൂലധനത്തിന്റെ അനിയന്ത്രിതമായ ചലനം 'ഇരട്ട നിയോജകമണ്ഡലം' (Orla constituency) സൃഷ്ടിക്കുന്നു. അതായത് വോട്ടർമാരുടെ മണ്ഡലം വേറെ നിക്ഷേപകരുടെയും വായ്പാ ഏജൻസികളുടെയും മണ്ഡലം വേറെ. രണ്ടാമത്തെ കൂട്ടർ ഓരോ നിമിഷവും സർക്കാർ നയങ്ങളെ അവലോകനം ചെയ്യുന്നു. "പ്രതിനിമിഷ റെഫറണ്ടങ്ങൾ" (Moment of moment referendums) നടത്തി ഏതെങ്കിലുമൊരു സർക്കാർ നയം അവർക്കെതിരാവുകയാണെങ്കിൽ ആ രാജ്യത്തുനിന്നും മൂലധനം പിൻവലിക്കാൻവേണ്ടി വീറ്റോ അധികാരം ഉപയോഗിക്കുകയും അവിടുത്തെ കറൻസിക്കെതിരെ ആക്രമണം സംഘടിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ വോട്ടർമാരുടെ ഒന്നാം നിയോജകമണ്ഡലത്തേക്കാൾ നിക്ഷേപകരുടെയും വായ്പാവിതരണക്കാരുടെയും രണ്ടാം മണ്ഡലത്തിന് കൂടുതൽ പ്രാമുഖ്യം ലഭിക്കുന്നു. സമ്പന്ന രാജ്യങ്ങളിൽപ്പോലും വോട്ടർമാർക്ക് നിക്ഷേപകരുമായി മത്സരിക്കാൻ പറ്റാത്ത അവസ്ഥയാണ് ഉള്ളത്.

ഇതാണ് ഇപ്പോഴത്തെ നിയോലിബറൽ ആഗോളവൽക്കരണവും ഒന്നാം യുദ്ധത്തിന് തൊട്ടുമുമ്പ് നിലവിലുണ്ടായിരുന്ന ആഗോളവൽക്കരണത്തിന്റെ ഘട്ടവും തമ്മിലുള്ള സുപ്രധാനമായ ഒരു വ്യത്യാസം.

ബാരി ഏയ്ഷെൻഗ്രീൻ എന്ന അമേരിക്കൻ സാമ്പത്തികശാസ്ത്രവിദഗ്ദ്ധൻ അന്താരാഷ്ട്ര സമ്പദ് വ്യവസ്ഥയുടെ ചരിത്രത്തെ വിശകലനം ചെയ്യുന്ന ഗ്രന്ഥത്തിൽനിന്നുമാണ് ഇനി ഞാൻ ഉദ്ധരിക്കാൻ പോകുന്ന

ത്. ഒന്നാം ലോകയുദ്ധത്തിന് മുമ്പ് പുരുഷന്മാർക്ക് ഉണ്ടായിരുന്ന സാർവ്വത്രിക വോട്ടവകാശവും പാർലമെന്ററി ലേബർ പാർട്ടികളുടെ ഉത്ഭവവും തൊഴിലാളി സംഘടനകളുടെ ആവിർഭാവവും സർക്കാർ നയങ്ങളെ 'രാഷ്ട്രീയവൽക്കരിക്കാൻ' മാത്രം വളർച്ചയെത്തിയിരുന്നില്ല എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. അതിനാൽ മേൽ സൂചിപ്പിച്ച അയഥാർത്ഥ പാർലമെന്റും കമ്പോളശക്തികളും ചേർന്ന് അടിച്ചേൽപ്പിച്ച ബാധ്യതകൾ നേരെ പൊതുജനത്തിന്റെ ചുമലിൽ വെക്കാൻ താരതമ്യേന എളുപ്പമായിരുന്നു. ദരിദ്രരാജ്യങ്ങളിൽ അടിച്ചേൽപ്പിക്കുന്ന ഘടനാപരമായ പരിഷ്ക്കാരങ്ങൾ (Structural Adjustment) ക്ക് ഏറെക്കുറെ സമാനമായ സ്ഥിതിയായിരുന്നു അന്ന് ഒന്നാം ലോകരാജ്യങ്ങളിൽ ഉണ്ടായിരുന്നത്. ബാധ്യതകൾ മുഴുവൻ എതിർക്കാൻ ശക്തിയില്ലാത്ത ദരിദ്രജനതയുടെ ചുമലിൽ കയറ്റിവെക്കുക എന്ന നയം. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം നിലവിൽവന്ന ബ്രട്ടൻവുഡ് ഘട്ടം നൂറുവർഷം മുമ്പുണ്ടായിരുന്നതിനേക്കാൾ താരതമ്യേന ജനാധിപത്യപരമായിരുന്നതിനാൽ, ദരിദ്രഭൂരിപക്ഷത്തെ തീർത്തും അവഗണിക്കുക എന്ന ആഡംബരം ആ ഘട്ടത്തിൽ സാധ്യമായിരുന്നില്ല. പുരുഷന്മാർക്കുള്ള സാർവ്വത്രിക വോട്ടവകാശം പാർലമെന്ററി ലേബർപാർട്ടികളുടെയും തൊഴിലാളി യൂണിയനുകളുടെയും ആവിർഭാവം ഇതിനെല്ലാം പുറമെ ലോകജനതയിൽ വർദ്ധിച്ചുവന്ന വിപ്ലവാഭിമുഖ്യം ഇവയെല്ലാമായിരുന്നു മൂലധനത്തിന്റെ സ്വാതന്ത്ര്യത്തിന് പരിമിതി നിർണ്ണയിച്ച ഘടകങ്ങൾ. രണ്ടാം ലോകയുദ്ധം ജനതയെ മൊത്തത്തിൽ പുരോഗമനാഭിമുഖ്യമുള്ളവരാക്കുകയും യു. എസ്. അടക്കമുള്ള രാജ്യങ്ങളിൽ ക്ഷേമരാഷ്ട്രസങ്കൽപ്പങ്ങളോട് വർദ്ധിച്ച താൽപര്യം ജനിക്കുകയും ചെയ്തു. അതിനാൽ, എന്തെങ്കിലും ചെയ്യേണ്ടത് അനിവാര്യമായിരുന്നു. ഐയ്ഷെൻഗ്രീൻ ചൂണ്ടിക്കാട്ടുന്നതുപോലെ ജനാധിപത്യത്തെ പരിമിതപ്പെടുത്തുന്നതിനുപകരം മൂലധനത്തിന്റെ സഞ്ചാരസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തിയായിരുന്നു കമ്പോളശക്തികളുടെ സമ്മർദ്ദങ്ങളെ ഈ കാലഘട്ടത്തിൽ നിയന്ത്രിച്ചിരുന്നത്. മൂലധനത്തിന്റെ ചലനസ്വാതന്ത്ര്യം പരിമിതപ്പെടുത്തുമ്പോൾ ജനാധിപത്യം സ്വാഭാവികമായും താരതമ്യേന കാര്യക്ഷമമാകുന്നുവെന്നതാണ് സത്യം.

ഈ വാദത്തെ അദ്ദേഹം അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകുന്നില്ലെങ്കിൽപോലും തീർച്ചയായും നമ്മൾക്ക് അത് എളുപ്പം സാധ്യമാണ്. ബ്രട്ടൻവുഡ് കരാർ പൊളിച്ചെഴുതുക വഴി ജനാധിപത്യം സത്താപരമായി നിർദ്ദയമായ ആക്രമണത്തിന് വിധേയമായി. ബ്രിട്ടനിലും യു.എസിലും ഇത് പ്രകടമായ ദൃശ്യമായിക്കൊണ്ടിരിക്കുന്ന ഒരു പ്രവണതയാണ്. ലോകത്തെന്നാടുമുള്ള മറ്റ് രാജ്യങ്ങളിലും അത് സംഭവിച്ചുകൊണ്ടിരിക്കുന്നു.

---

**ജനാധിപത്യത്തിന്മേലുള്ള കടന്നാക്രമങ്ങൾ ആഗോളവൽകരണത്തിന്റെ വർത്തമാനഘട്ടത്തിന്റെ മുഖമുദ്രയാണ്. വാഷിങ്ടൺ സമവായത്തിന് ഇതുപോലെ മറ്റനേകം ഘടകങ്ങൾ ഉണ്ട്. നിയോലിബറലിസത്തിന്റെ അടിസ്ഥാനാശയം സാമൂഹ്യ സാമ്പത്തികകാര്യങ്ങളിൽ തീരുമാനമെടുക്കുന്ന ജോലി യാതൊരു ഉത്തരവാദിത്തവുമില്ലാത്ത അധികാരകേന്ദ്രങ്ങളിലേക്ക് മാറ്റുക എന്നതാണ്. നിയോലിബറൽ പരിഷ്കാരങ്ങളുടെ മുഖ്യസ്വഭാവവും അതാണ്. ഉദാഹരണത്തിന് സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന സാമ്പത്തിക നയങ്ങൾ.**

---

ജനാധിപത്യത്തിന്മേലുള്ള കടന്നാക്രമങ്ങൾ ആഗോളവൽകരണത്തിന്റെ വർത്തമാനഘട്ടത്തിന്റെ മുഖമുദ്രയാണ്. വാഷിങ്ടൺ സമവായത്തിന് ഇതുപോലെ മറ്റനേകം ഘടകങ്ങൾ ഉണ്ട്. നിയോലിബറലിസത്തിന്റെ അടിസ്ഥാനാശയം സാമൂഹ്യ സാമ്പത്തികകാര്യങ്ങളിൽ തീരുമാനമെടുക്കുന്ന ജോലി യാതൊരു ഉത്തരവാദിത്വവുമില്ലാത്ത അധികാരകേന്ദ്രങ്ങളിലേക്ക് മാറ്റുക എന്നതാണ്. നിയോലിബറൽ പരിഷ്കാരങ്ങളുടെ മുഖ്യസ്വഭാവവും അതാണ്. ഉദാഹരണത്തിന് സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന സാമ്പത്തിക നയങ്ങൾ. പക്ഷെ, അതിശക്തമായ ഭരണകൂടം യജമാനന്മാരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ സജ്ജമായി നിൽക്കുന്നതും അതിന്റെ സവിഷശേഷതയാണ്. അവർക്ക് എപ്പോഴും ഭരണകൂടത്തിന്റെ സംരക്ഷണം വേണം.

ജനീവയിൽ അടുത്ത് നടക്കാനിരിക്കുന്ന GATS (വ്യാപാരസേവന സംബന്ധമായ പൊതുകരാർ) സമ്മേളനത്തിലൂടെ പതിവ് പോലെ രഹസ്യമായി ജനാധിപത്യത്തിന് മേലെ മറ്റൊരാക്രമണം സംഘടിപ്പിക്കാനുള്ള നീക്കത്തിലാണ് ഈ ശക്തികൾ. എന്താണ് വ്യാപാരസേവന ഉടമ്പടി? ഏത് സേവനങ്ങളെയാണ് അത് വിഷയമാക്കുന്നത്? സേവനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു എന്തും ആകാം, വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമപ്രവർത്തനങ്ങൾ, ജലവിഭവങ്ങൾ, വാർത്താവിനിമയം എന്നിങ്ങനെ എന്തും. സേവനമേഖലയുമായി ബന്ധപ്പെട്ട രാജ്യാന്തരവ്യാപാരം, വ്യാപാരത്തിന്റെ പരിധിയിൽപ്പെടുത്തുന്നതിനുള്ള ഒരേയൊരു യുക്തി അവ കച്ചവടക്കാർ ആക്കുന്നു എന്നതു മാത്രമാണ്. സർക്കാർ സേവനങ്ങളുടെ പരിധിയിൽനിന്നും അവ എടുത്തുമാറ്റി സ്വകാര്യവൽക്കരിക്കുന്നതിനുള്ള ഉപാധിയാണ് GATS ചർച്ചകൾ. ജനാധിപത്യപ്രക്രിയയിലൂടെ തീരുമാനമെടുക്കുന്ന പൊതുമണ്ഡലത്തിലെ ഏത് വിഷയവും അതിന്റെ പരിധിയിൽവരും. അതാണ് സേവനമേഖലകളിലെ വാണിജ്യക്കരാർ ആതി രഹസ്യമായി ചർച്ചചെയ്ത് ഉറപ്പിക്കപ്പെടുന്നത്. ഇതിൽനിന്നും പൊതുജനങ്ങളുടെ അറിവിലേക്കായി എന്തും വൻ വിവാദങ്ങൾക്ക് വഴിവെക്കുന്നത് അതുകൊണ്ടാണ്.

(തുടരും)

ത്. ഒന്നാം ലോകയുദ്ധത്തിന് മുമ്പ് പുരുഷന്മാർക്ക് ഉണ്ടായിരുന്ന സാർവ്വത്രിക വോട്ടവകാശവും പാർലമെന്ററി ലേബർ പാർട്ടികളുടെ ഉത്ഭവവും തൊഴിലാളി സംഘടനകളുടെ ആവിർഭാവവും സർക്കാർ നയങ്ങളെ 'രാഷ്ട്രീയവൽക്കരിക്കാൻ' മാത്രം വളർച്ചയെത്തിയിരുന്നില്ല എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. അതിനാൽ മേൽ സൂചിപ്പിച്ച അയഥാർത്ഥ പാർലമെന്റും കമ്പോളശക്തികളും ചേർന്ന് അടിച്ചേൽപ്പിച്ച ബാധ്യതകൾ നേരെ പൊതുജനത്തിന്റെ ചുമലിൽ വെക്കാൻ താരതമ്യേന എളുപ്പമായിരുന്നു. ദരിദ്രരാജ്യങ്ങളിൽ അടിച്ചേൽപ്പിക്കുന്ന ഘടനാപരമായ പരിഷ്കാരങ്ങൾ (Structural Adjustment) ക്ക് ഏറെക്കുറെ സമാനമായ സ്ഥിതിയായിരുന്നു അന്ന് ഒന്നാം ലോകരാജ്യങ്ങളിൽ ഉണ്ടായിരുന്നത്. ബാധ്യതകൾ മുഴുവൻ എതിർക്കാൻ ശക്തിയില്ലാത്ത ദരിദ്രജനതയുടെ ചുമലിൽ കയറ്റിവെക്കുക എന്ന നയം. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം നിലവിൽവന്ന ബ്രട്ടൺവുഡ് ഘട്ടം നൂറുവർഷം മുമ്പുണ്ടായിരുന്നതിനേക്കാൾ താരതമ്യേന ജനാധിപത്യപരമായിരുന്നതിനാൽ, ദരിദ്രഭൂരിപക്ഷത്തെ തീർത്തും അവഗണിക്കുക എന്ന ആഡംബരം ആ ഘട്ടത്തിൽ സാധ്യമായിരുന്നില്ല. പുരുഷന്മാർക്കുള്ള സാർവ്വത്രിക വോട്ടവകാശം പാർലമെന്ററി ലേബർപാർട്ടികളുടെയും തൊഴിലാളി യൂണിയനുകളുടെയും ആവിർഭാവം ഇതിനെല്ലാം പുറമെ ലോകജനതയിൽ വർദ്ധിച്ചുവന്ന വിപ്ലവാഭിമുഖ്യം ഇവയെല്ലാമായിരുന്നു മൂലധനത്തിന്റെ സ്വാതന്ത്ര്യത്തിന് പരിമിതി നിർണ്ണയിച്ച ഘടകങ്ങൾ. രണ്ടാം ലോകയുദ്ധം ജനതയെ മൊത്തത്തിൽ പുരോഗമനാഭിമുഖ്യമുള്ളവരാക്കുകയും യു. എസ്. അടക്കമുള്ള രാജ്യങ്ങളിൽ ക്ഷേമരാഷ്ട്രസങ്കൽപ്പങ്ങളോട് വർദ്ധിച്ച താൽപര്യം ജനിക്കുകയും ചെയ്തു. അതിനാൽ, ഏതെങ്കിലും ചെയ്യേണ്ടത് അനിവാര്യമായിരുന്നു. ഐയ്ഷെൻഗ്രീൻ ചൂണ്ടിക്കാട്ടുന്നതുപോലെ ജനാധിപത്യത്തെ പരിമിതപ്പെടുത്തുന്നതിനുപകരം മൂലധനത്തിന്റെ സഞ്ചാരസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തിയായിരുന്നു കമ്പോളശക്തികളുടെ സമ്മർദ്ദങ്ങളെ ഈ കാലഘട്ടത്തിൽ നിയന്ത്രിച്ചിരുന്നത്. മൂലധനത്തിന്റെ ചലനസ്വാതന്ത്ര്യം പരിമിതപ്പെടുത്തുമ്പോൾ ജനാധിപത്യം സ്വാഭാവികമായും താരതമ്യേന കാര്യക്ഷമമാകുന്നുവെന്നതാണ് സത്യം.

ഈ വാദത്തെ അദ്ദേഹം അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകുന്നില്ലെങ്കിൽപോലും തീർച്ചയായും നമുക്ക് അത് എളുപ്പം സാധ്യമാണ്. ബ്രട്ടൺവുഡ് കരാർ പൊളിച്ചെഴുതുക വഴി ജനാധിപത്യം സന്താപമായി നിർദ്ദയമായ ആക്രമണത്തിന് വിധേയരായി. ബ്രിട്ടനിലും യു.എസിലും ഇത് പ്രകടമായ ദൃശ്യമായിക്കൊണ്ടിരിക്കുന്ന ഒരു പ്രവണതയാണ്. ലോകത്തെമ്പാടുമുള്ള മറ്റ് രാജ്യങ്ങളിലും അത് സംഭവിച്ചുകൊണ്ടിരിക്കുന്നു.

> **ജനാധിപത്യത്തിന്മേലുള്ള കടന്നാക്രമണങ്ങൾ ആഗോളവൽകരണത്തിന്റെ വർത്തമാനഘട്ടത്തിന്റെ മുഖമുദ്രയാണ്. വാഷിങ്ടൺ സമവായത്തിന് ഇതുപോലെ മറ്റനേകം ഘടകങ്ങൾ ഉണ്ട്. നിയോലിബറലിസത്തിന്റെ അടിസ്ഥാനാശയം സാമൂഹ്യസാമ്പത്തികകാര്യങ്ങളിൽ തീരുമാനമെടുക്കുന്ന ജോലി യാതൊരു ഉത്തരവാദിത്തവുമില്ലാത്ത അധികാരകേന്ദ്രങ്ങളിലേക്ക് മാറ്റുക എന്നതാണ്. നിയോലിബറൽ പരിഷ്കാരങ്ങളുടെ മുഖ്യസ്വഭാവവും അതാണ്. ഉദാഹരണത്തിന് സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന സാമ്പത്തിക നയങ്ങൾ.**

ജനാധിപത്യത്തിന്മേലുള്ള കടന്നാക്രമണങ്ങൾ ആഗോളവൽകരണത്തിന്റെ വർത്തമാനഘട്ടത്തിന്റെ മുഖമുദ്രയാണ്. വാഷിങ്ടൺ സമവായത്തിന് ഇതുപോലെ മറ്റനേകം ഘടകങ്ങൾ ഉണ്ട്. നിയോലിബറലിസത്തിന്റെ അടിസ്ഥാനാശയം സാമൂഹ്യസാമ്പത്തികകാര്യങ്ങളിൽ തീരുമാനമെടുക്കുന്ന ജോലി യാതൊരു ഉത്തരവാദിത്തവുമില്ലാത്ത അധികാരകേന്ദ്രങ്ങളിലേക്ക് മാറ്റുക എന്നതാണ്. നിയോലിബറൽ പരിഷ്കാരങ്ങളുടെ മുഖ്യസ്വഭാവവും അതാണ്. ഉദാഹരണത്തിന് സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന സാമ്പത്തിക നയങ്ങൾ. പക്ഷെ, അതിശക്തമായ ഭരണകൂടം യജമാനന്മാരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ സജ്ജമായി നിൽക്കുന്നതും അതിന്റെ സവിശേഷതയാണ്. അവർക്ക് എപ്പോഴും ഭരണകൂടത്തിന്റെ സംരക്ഷണം വേണം.

ജനീവയിൽ അടുത്ത് നടക്കാനിരിക്കുന്ന GATS (വ്യാപാരസേവന സംബന്ധമായ പൊതുകരാർ) സമ്മേളനത്തിലൂടെ പതിവ് പോലെ രഹസ്യമായി ജനാധിപത്യത്തിന് മേലെ മറ്റൊരാക്രമണം സംഘടിപ്പിക്കാനുള്ള നീക്കത്തിലാണ് ഈ ശക്തികൾ. എന്താണ് വ്യാപാരസേവന ഉടമ്പടി? ഏത് സേവനങ്ങളെയാണ് അത് വിഷയമാക്കുന്നത്? സേവനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു എന്തും ആകാം, വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമപ്രവർത്തനങ്ങൾ, ജലവിഭവങ്ങൾ, വാർത്താവിനിമയം എന്നിങ്ങനെ എന്തും. സേവനമേഖലയുമായി ബന്ധപ്പെട്ട രാജ്യാന്തരവ്യാപാരം, വ്യാപാരത്തിന്റെ പരിധിയിൽപ്പെടുത്തുന്നതിനുള്ള ഒരേയൊരു യുക്തി അവ കച്ചവടക്കാർ ആക്കുന്നു എന്നതു മാത്രമാണ്. സർക്കാർ സേവനങ്ങളുടെ പരിധിയിൽനിന്നും അവ എടുത്തുമാറ്റി സ്വകാര്യവൽക്കരിക്കുന്നതിനുള്ള ഉപാധിയാണ് GATS ചർച്ചകൾ. ജനാധിപത്യപ്രക്രിയയിലൂടെ തീരുമാനമെടുക്കുന്ന പൊതുമണ്ഡലത്തിലെ ഏത് വിഷയവും അതിന്റെ പരിധിയിൽവരും. അതാണ് സേവനമേഖലകളിലെ വാണിജ്യക്കരാർ ആയി രഹസ്യമായി ചർച്ചചെയ്ത് ഉറപ്പിക്കപ്പെടുന്നത്. ഇതിൽനിന്നും പൊതുജനങ്ങളുടെ അറിവിലേക്കായി എന്തും വൻ വിവാദങ്ങൾക്ക് വഴിവെക്കുന്നത് അതുകൊണ്ടാണ്.

(തുടരും)